**ആരോഗ്യ വകുപ്പ് അഡീഷണൽ ഡയറക്ടറുടെ (എ&റ്റി) നടപടിക്രമം**

വിഷയം:- ആരോഗ്യവകുപ്പ് - ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II തസ്തികയിൽ നിന്നും ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു

പരാമർശം:- 1.സ.ഉ.(സാധാ) നമ്പർ 1662/2017/ആ.കു.വ. തീയതി 14/06/2017
2.സ.ഉ.(സാധാ) നമ്പർ 3546/2018/ആ.കു.വ. തീയതി 02/12/2018
3.സ.ഉ.(സാധാ) നമ്പർ 5/2018/ആ.കു.വ. തീയതി 02/01/2018
4.ഉത്തരവ് നം. ഇ.എസ്.2-/47321/00/ആ.വ.ഡ. തീയതി 05/01/2008
5.കത്ത്നം. എ4 6369/24/ ജി.മെ.ആ (ആ) കോഴിക്കോട്. തീയതി. 23/11/24

**ഉത്തരവ് നം : ഇ.ജി.2/26688/2024/ആ.വ.ഡ തിയതി : 16-12-2024**

01/01/1997 മുതൽ 31/03/2000 വരെ ഉള്ള ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II ജീവനക്കാരുടെ പരാമർശം (4) പ്രകാരമുള്ള സീനിയോറിറ്റി പട്ടികയിലെ റാങ്ക് നമ്പർ 577 ആയ ജീവനക്കാരനു ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർ മുഖേന ലഭ്യമായ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള ഒഴിവുകളിൽ 37400-79000 ശമ്പള സ്കെയിലിൽ ഇതോടൊപ്പം ചേർക്കപ്പെട്ട അനുബന്ധം 1 പട്ടിക പ്രകാരം ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകി ഉത്തരവാകുന്നു.സ്ഥാനക്കയറ്റം ലഭിച്ച ജീവനക്കാരനു ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർ ഉചിത നിയമനം നൽകേണ്ടതും സ്ഥാനക്കയറ്റം സംബന്ധിച്ച വിവരങ്ങൾ സേവനപുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതും പ്രവേശന വിവരം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതുമാണ്.

സ്ഥാനക്കയറ്റം മുഖേന ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II തസ്തികയിൽ ഉണ്ടാകുന്ന ഒഴിവുകൾ (നിയമാനുസൃതമായി നീക്കി വയ്ക്കേണ്ടത് ഒഴികെ) ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർമാർ അടിയന്തിരമായി പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്ത ശേഷം പ്രസ്തുത വിവരം രേഖാമൂലം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതുമാണ്.

ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന ഈ ഉത്തരവിന്റെ പകർപ്പ് പ്രവേശന/വിടുതൽ ആവശ്യങ്ങൾക്കായി ഡൌൺലോഡ് ചെയ്ത് ഉപയോഗിക്കാവുന്നതാണ്.

ഈ ഉത്തരവ് പ്രകാരമുള്ള ഒഴിവുകളിലേക്ക് ലഭ്യമായിട്ടുള്ള ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I ഉദ്യോഗസ്ഥരുടെ സ്ഥല മാറ്റ പരിഗണിക്കാൻ സാധിച്ചിട്ടില്ല . ആയതിനാൽ ഈ ഉത്തരവ് പുനഃപരിശോധിക്കുന്നതും ആവശ്യമെങ്കിൽ ഇപ്പോൾ പോസ്റ്റിങ്ങ് നൽകിയിരിക്കുന്ന സ്ഥലത്തു നിന്നും മറ്റൊരു സ്ഥലത്തേക്ക് ട്രാൻസ്ഫർ ചെയ്യുന്നതുമാണ്.

NB : മേൽ പരാമർശ (4) സീനിയോറിറ്റി പട്ടിക ബഹു. സുപ്രീം കോടതിയിൽ ഫയൽ ചെയ്യപ്പെട്ടിരിക്കുന്ന SLP (C ) 12363/18 – ലെ അന്തിമ വിധി ന്യായത്തിന് വിധേയമായിരിക്കുന്നതാണ്.

Signed by Jayasree V
Date: 16-12-2024 14:41:00

അഡീഷണൽ ഡയറക്ടർ (എ&റ്റി)

സ്വീകർത്താവ്: ബന്ധപ്പെട്ട ജീവനക്കാർ ജീവനക്കാരൻ (മേലധികാരി മുഖേന)

പകർപ്പ് : 1.ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം),കോഴിക്കോട്,ഇടുക്കി

2.ബന്ധപ്പെട്ട സ്ഥാപനമേധാവിമാർ

3.ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ് സൈറ്റ്

4.ഫയൽ / കരുതൽ ഫയൽ